പതിനാലാം കേരള നിയമസഭ

പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 339

13/12/2018 ൽ മറുപടിക്ക്

ശബരിമലയിലെ നിയന്ത്രണങ്ങൾ

ചോദ്യം

ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.എസ്.ശിവകുമാർ
ശ്രീ.അടൂർ പ്രകാശ്
ശ്രീ.റോജി എം. ജോൺ

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയിലെ പോലീസിന്റെ നിയന്ത്രണങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനത്തെ ബാധിക്കുന്നതായി ബോർഡ് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ശബരിമലയിൽ തീർത്ഥാടകരെന്ന പേരിൽ ഒരു കൂട്ടം സാമൂഹ്യ വിരുദ്ധരുടെ അക്രമാസക്തമായ പ്രതിഷേധ പ്രവർത്തനങ്ങളും ആചാര ലംഘനവുംമൂലം തീർത്ഥാടകരുടെ എണ്ണത്തിൽ കുറവുണ്ടായതിനാൽ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. |
| (ബി) | വാവർ നടയിലും മഹാകാണിക്കയ്ക്ക് മുന്നിലും പോലീസ് ബാരിക്കേഡുകൾ തീർത്തത് ദേവസ്വം ബോർഡിന്റെ അനുവാദത്തോടെ യാണോ; | (ബി) യും (സി) യും | ശബരിമലയിലെത്തുന്ന അയ്യപ്പ ഭക്തർക്ക് സുരക്ഷിതവും സുഗമവുമായ ദർശനത്തിനാവശ്യമായ ക്രമീകരണ ങ്ങളുടെ ഭാഗമായി പോലീസിന്റെയും ദേവസ്വം ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിലും സഹകരണത്താലുമാണ് ബാരിക്കേഡുകൾ തീർത്തിട്ടുള്ളത്. ഭക്തർക്ക് അസൗകര്യമുണ്ടാക്കുന്ന തരത്തിലുള്ള എന്തെങ്കിലും വിഷയം ശ്രദ്ധയിൽ പെട്ടാൽ അവ ഉടൻ തന്നെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെടുത്തി പരിഹരിച്ചു വരുന്നുണ്ട്.വാവർ നടയിലും മഹാകാണിക്കയ്ക്ക് മുന്നിലും പോലീസ് തീർത്ത ബാരിക്കേഡുകൾ ഭക്തരുടെ അസൗകര്യാർത്ഥം നീക്കം ചെയ്തിട്ടുണ്ട്. |
| (സി) | ബാരിക്കേഡുകൾ പൂർണമായും നീക്കം ചെയ്യണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ബാരിക്കേഡുകൾ ഭക്തർക്ക് അസൗകര്യമുണ്ടാക്കുന്നു എന്ന വസ്തുത, നട തുറന്ന് പതിനാലു ദിവസം പിന്നിട്ടിട്ടും ബോർഡിന്റെ ശ്രദ്ധയിൽപെടാത്തത് എന്തുകൊണ്ടായിരുന്നു എന്ന് വെളിപ്പെടുത്താമോ? | (ഡി) | ഭക്തർക്കു ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന തരത്തിലുള്ള ബാരിക്കേഡുകൾ നീക്കം ചെയ്ത് പുനഃക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ